ണ്ടാണ് ചോദിച്ചത്, കുറെ ശരിയെന്നും കുറെ തെറ്റെന്നും പറയുന്നതെങ്ങനെ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അനേഷിച്ചിടത്തോളമുള്ള അറിവു കൊണ്ട്.

പ്രസിഡെണ്ട്.—കടലാസിൽ പലതും പറഞ്ഞേക്കാം, അതിൽ അനേഷിക്കുമ്പോൾ ചിലതു ശരിയല്ലെന്നു കണ്ടേക്കാം.

മിസ്റ്റർ ടി. കെ. നായർ.—ശരിയല്ലാത്തതു് ഏതേതെന്നു പറയാമൊ?

പ്രസിഡെണ്ട്.—അതു അനേഷണം പൂർത്തിയായാലെ സാധിക്കുകയുള്ളു.

Construction of bathing ghat in Bharathapuzha.

239. മിസ്റ്റർ ടി. കെ. നായർ.—താഴെ ചോദ്യത്തിനു ദയവായിഗവമ്മെണ്ടു മറുപടി പറയുമൊ.—

(ക) തിരുവിലാമല നിവാസികളുടേയും മറ്റും സൌകര്യത്തിനായി ഭാരതപ്പുഴയിൽ സ്നാനത്തിനു ഒരു കടവു കെട്ടിക്കൊടുക്കുന്നതിനു അപേക്ഷിക്കയുണ്ടായൊ;

(ഖ) ഉണ്ടെങ്കിൽ അതിനെപ്പറ്റി എന്തു തീരുമാനിച്ചു?

മിസ്റ്റർ വി. കെ. ശ്രീധരവേന്ദ്രാക്ഷ മേനോൻ.—(ക) ഉവ്വ്.

(ഖ) അപേക്ഷാകാര്യത്തെപ്പറ്റി ചീഫ് എഞ്ചിനീയർ അനേഷണം നടത്തിവരുന്നു.

മിസ്റ്റർ ടി. കെ. നായർ.—ഇതിനെപ്പറ്റി ചീഫ് എഞ്ചിനീയർ സ്ഥലത്തു ചെന്നു അനേഷിക്കേണ്ടതല്ലെ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമെനൊൻ,— ചെയ്യേണ്ടതാണ്.

മിസ്റ്റർ ടി. കെ. നായർ.—എന്നാൽ ഒന്നു വന്നു അനേഷിപ്പാൻ ദയവുണ്ടാകുമൊ?

പ്രസിഡെണ്ടു.—അങ്ങനെ താല്പര്യമുണ്ടെങ്കിൽ പിന്നെയെന്താ വിരോധം? ഞങ്ങളൊക്കെ നിങ്ങളുടെ ദാസന്മാരല്ലെ?

ഡാകടർ എ. ജി. മേനോൻ.— അതു വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും കാണുന്നില്ല.

പ്രസിഡെണ്ടു,—വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും വിചാരംകൊണ്ടും വേണമെന്നാണ് ഞങ്ങളുടെ വിചാരം. നിങ്ങൾ അതു കാണുന്നില്ലെങ്കിൽ എന്തുചെയ്യാം?

Assignment of porambokes to the Depressed Classes.

240. മിസ്റ്റർ പി. സി. ചാണ്ടി.—പുറമ്പോക്കു സ്ഥലങ്ങൾ പതിച്ചുകിട്ടുവാൻ സൌകര്യമില്ലാത്ത രാജ്യത്തു നിവസിക്കുന്ന അധഃകൃതർക്കു പുറമ്പോക്കുള്ള സ്ഥലത്തുനിന്നു പതിച്ചുകൊടുപ്പാൻ ഗവമ്മെണ്ടു ആലോചിക്കുന്നുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ്ബ് മിസ്റ്റർ സി. മത്തായി.—പുറമ്പോക്കുള്ള സ്ഥലങ്ങളിലേക്കു മാറി താമസിപ്പാൻ തയ്യാറുള്ള അധഃകൃതരുപേക്ഷകന്മാരുണ്ടെങ്കിൽ ഗവർമ്മെണ്ടു ഭവണ്ടതു പ്രവൃത്തിക്കുന്നതാണു്.

മിസ്റ്റർ പി. സി. ചാഞ്ചൻ.— അധഃകൃതർക്കു സ്ഥലം കൊടുക്കാമെന്നു പറയുന്നു. എന്നാൽ മുളവുകാടു്, പനമ്പുകാടു്, ഇവിടങ്ങളിലുള്ളവർ എവിടെ പോകണമെന്നറിയുന്നില്ല.

റാവുസാഹിബ്ബ് മിസ്റ്റർ സി. മത്തായി.—സ്ഥലം കാണിച്ചു കൊടുത്താൽ പോകുവാൻ ഒരുക്കമുണ്ടോ?

മിസ്റ്റർ പി. സി. ചാഞ്ചൻ.—വല്ല മലയിലുമായാൽ തരമില്ല. കായലിൽ ഉയർന്ന സ്ഥലങ്ങൾ കൃഷിക്കു സൌകര്യപ്പെടുത്തിക്കൊടുത്താൽ പിന്നെ അവിടെ താമസിക്കുകയും ചെയ്യാം.

പ്രസിഡെണ്ടു്.—ഈ സാധുക്കൾക്കു അതു സാധിക്കുമോ, മിസ്റ്റർ ചാഞ്ചൻ?

മിസ്റ്റർ പി. സി. ചാഞ്ചൻ.—പടിഞ്ഞാറെഭാഗം കല്ലിട്ടാൽ കൃഷിചെയ്യാം.

പ്രസിഡെണ്ടു്.—ഹാർബർ പോലെയൊ?

മിസ്റ്റർ പി. സി. ചാഞ്ചൻ.—അതു വേണ്ട. രണ്ടടി പൊക്കം മതിയാകും.

പ്രസിഡെണ്ടു്.—അതിനു എത്ര ചിലവു് വേണ്ടിവരും?

മിസ്റ്റർ പി. സി. ചാഞ്ചൻ.—തല്ക്കാലം നാലൊ അഞ്ചൊ ആയിരം രൂപാ ചിലവു് ചെയ്യേണ്ടിവരും. അങ്ങിനെ ചെയ്യുന്നതാൽ വളരെ ഉപകാരം.

റാവു സാഹിബ്ബ് മിസ്റ്റർ സി. മത്തായി.—അവരുടെ പരസ്പരസഹായസംഘത്തെക്കൊണ്ടു ചെയ്യിക്കാൻ ശ്രമിക്കാം.

മിസ്റ്റർ പി. സി. ചാഞ്ചൻ.—കല്ലിടുന്നതെന്നു കൃഷിചെയ്യാൻ സ്ഥലം പതിച്ചുകൊടുക്കാൻ വല്ല വിരോധവുമുണ്ടോ?

റാവു സാഹിബ്ബ് മിസ്റ്റർ സി. മത്തായി.—അതു ദിവാൻപേഷ്കാരോടു ചോദിച്ചിട്ടു ചെയ്യാം.

Appointment of the Sheristadar of the Anjikaimal District Court.

241. Mr. K. Ayyappan.—Will the Government be pleased to state :—

(1) whether they have recently asked the Chief Court to recommend a candidate for the post of the Sheristadar of the District Court of Anjikaimal ;

(2) (a) whether the Chief Court, if it has made their recommendation, has considered in making the recommendations the claims of the communities sparsely represented in the service such as Ezhuvas, Muslims, etc ;

LIBRARY ARCHIVES Kerala Legislative Assembly